**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7996 24.07.12 ൽ മറുപടിയ്ക്ക്

**വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യാനുള്ള പ്ലാസ്റ്റിക് കവറുകളുടെ ക്ഷാമം**

ചോദ്യം
ശ്രീ. തോമസ് ചാണ്ടി

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർ.ടി.ഓഫീസുകളിൽ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (ആർ.ഡി.കാർഡുകൾ) ലാമിനേറ്റ് ചെയ്യാനുള്ള പ്രത്യേക ഇനം പ്ലാസ്റ്റിക് കവറുകളുടെ ക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത ആർ.ടി.ഓഫീസുകളിൽ പുതിയ അപേക്ഷകൾക്കൊപ്പം പുതുക്കാനും വിലാസം മാറ്റാനും വാഹനത്തിന്റെ നിറം മാറ്റാനുമായി പ്രതിദിനം എത്ര അപേക്ഷകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ലൈസൻസ് പുതുക്കാൻ പ്രതിദിനം ശരാശരി 2218 അപേക്ഷയും വിലാസം മാറ്റാൻ ശരാശരി 1955 അപേക്ഷയും വാഹനത്തിന്റെ നിറം മാറ്റാൻ ശരാശരി 12 അപേക്ഷയുമാണ് ലഭിക്കുന്നത് |
| (സി) | ലാമിനേറ്റ് ചെയ്യാനുള്ള പ്രത്യേക ഇനം പ്ലാസ്റ്റിക് കവറുകൾ നൽകാനുള്ള കരാർ കഴിഞ്ഞവർഷം ആർക്കാണ് നൽകിയിരുന്നത്; വ്യക്തമാക്കാമോ; | (സി) | സി-ഡിറ്റിനാണ് നൽകിയിട്ടുള്ളത് |
| (ഡി) | പ്രസ്തുത കരാറിന്റെ കാലാവധി എന്നുവരെയാണ്; കരാറിന്റെ കാലാവധി അവസാനിച്ചെങ്കിൽ | (ഡി) | 31.08.2012 വരെയാണ്. പുതിയ കരാർ നൽകുന്നതിന് ഓപ്പൺ ടെണ്ടർ രീതിയാണ് |

| | | | |
|---|---|---|---|
| | പുതിയ കരാർ നൽകാനുള്ള നടപടിക്രമം വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | സ്വീകരിച്ചിരിക്കുന്നത്. ടെണ്ടറിന്റെ പ്രീ ക്വാളിഫിക്കേഷൻ ബിഡ്ഡ്, ടെക്നിക്കൽ ബിഡ്ഡ്, കൊമേഴ്സ്യൽ ബിഡ്ഡ് എന്നിങ്ങനെ മൂന്നു ബിഡ്ഡുകളടങ്ങിയ ടെണ്ടർ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പ്രീക്വാളിഫിക്കേഷൻ ടെണ്ടറിൽ അർഹത നേടുന്നവരുടെ മാത്രം ടെക്നിക്കൽ ബിഡ്ഡ് വിലയിരുത്തുകയും ടെക്നിക്കൽ ബിഡ്ഡിൽ അർഹത നേടുന്നവരെ മാത്രം കൊമേർഷ്യൽ ബിഡ്ഡിൽ പങ്കെടുപ്പിക്കുകയും തുടർന്ന് ഗവൺമെന്റ് സെക്രട്ടറിമാരടങ്ങിയ ഒരു സെലക്ഷൻ കമ്മിറ്റി ഇത് പരിശോധിച്ച് അനുയോജ്യമായ കമ്പനിയെ തിരഞ്ഞെടുക്കുന്നതുമാണ്. ടെക്നിക്കൽ ബിഡ്ഡിന്റെ വിലയിരുത്തൽ കഴിഞ്ഞു. കൊമേർഷ്യൽ ബിഡ്ഡ് തുറക്കുന്നതിനർഹമായ കമ്പനികളുടെ പേര് സംബന്ധിച്ച ശുപാർശ ലഭിച്ചിട്ടുണ്ട്. ബാക്കി നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ